മെന്തോൾ (menthol) ഉപയോഗിച്ച് മയക്കിയ മുത്തുച്ചിപ്പികളുടെ ഗൊണാഡിൽ ചെറിയ ഒരു സുഷിരമുണ്ടാക്കി മറ്റൊരു മുത്തുച്ചിപ്പിയുടെ 'മാന്റിലിൽ' നിന്നെടുത്ത 'ഗ്രാഫ്റ്റ് ടിഷ്യൂ' അതിനകത്ത് നിക്ഷേപിച്ചശേഷം അതിനോട് ചേർന്ന് ന്യൂക്ലിയസ്സ് കടത്തിവയ്ക്കുന്നു.

ശസ്ത്രക്രിയ കഴിഞ്ഞ് മൂന്നു ദിവസത്തോളം സൂക്ഷ്മതയോടെ പരിരക്ഷിച്ചതിനുശേഷം അവയെ കൂടുകളിലാക്കി മുത്തുവളർത്തൽ ഫാമുകളിലേക്ക് മാറ്റി ശസ്ത്രക്രിയാനന്തര പരിപാലനം (post-operative culture) ചെയ്യാവുന്നതാണ്.

ഇന്ത്യയിലെ കടലിൽ മുത്തുകൾ അതിവേഗം വളരുന്നു. നിക്ഷേപിക്കുന്ന കാമ്പിന്റെ വലിപ്പമനുസരിച്ചായിരിക്കും മുത്തിന്റേയും വലിപ്പം. ഏകദേശം 2-3 മി.മീ. വ്യാസമുള്ള കാമ്പ് 3-4 മാസംകൊണ്ടും, 6-7 മി.മീ. വ്യാസമുള്ള കാമ്പ് 15-18 മാസംകൊണ്ടും വിപണനത്തിനനുയോജ്യമായ വലിപ്പം എത്തുന്നു. മുത്തെടുത്തതിനുശേഷം അതേ ചിപ്പികളെ തന്നെ മുത്തുല്പാദിപ്പിക്കുവാൻ വീണ്ടും ഉപയോഗിക്കാവുന്നതാണ്.

തമിഴ്നാട്ടിൽ രാമനാഥപുരം ജില്ലയിലെ വാലിനോക്കം എന്ന സ്ഥലത്ത് മത്സ്യതൊഴിലാളികളുടെ സഹായത്തോടെ മുത്തുവളർത്തൽ നടപ്പിലാക്കുകയുണ്ടായി. 6X6 മീറ്റർ വലിപ്പമുള്ള ചങ്ങാടത്തിൽ 10355 മുത്തുചിപ്പികൾ വളർത്തിയെടുത്തു. അവയിൽ 941 എണ്ണം ഗ്രാഫ്റ്റ് ടിഷ്യുവിനുവേണ്ടി ഉപയോഗിക്കപ്പെടുകയും ഇവയിൽ ജീവനോടെ അവശേഷിച്ച 7306 മുത്തുചിപ്പികളിൽ (77.61%) നിന്നു 1849 (25.31%) മുത്തുകൾ ഉല്പാദിപ്പിക്കപ്പെടുകയും ചെയ്തു. ന്യൂക്ലിയസ്സ് വെളിയിൽ തള്ളപ്പെടുകയോ നാകിയർ കോട്ടിംഗ് നടക്കാത്തതുമൂലമോ ആകെ 5457 മുത്തുചിപ്പികളിൽ (74.69%) മുത്തുല്പാദനം ഉണ്ടായില്ല. ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയ മുത്തുകൃഷിയുടെ സാമ്പത്തികനേട്ടങ്ങൾ ചുവടെ ചേർക്കുന്നു.



*ചിപ്പിക്കുള്ളിൽ വളർത്തിയെടുത്ത മുത്ത്*

## മുത്തുകൃഷിയുടെ സാമ്പത്തിക വശം

**കൃഷിരീതി :** ചങ്ങാടത്തിൽ വളർത്തൽ 6 x 6 മീറ്റർ

| | | |
|---|---|---|
| മുതൽമുടക്ക് (2 വർഷത്തേയ്ക്ക്) | | രൂപ |
| 1. തേക്കുകഴകൾ, ഫ്ളോട്ടുകൾ, നങ്കൂരങ്ങൾ, നങ്കൂരചങ്ങലകൾ മുതലായവയുടെ വില | : | 13,000 |
| 2. മുത്തുചിപ്പി വളർത്താനുള്ള കൂടുകൾ (100 എണ്ണം) | : | 10,000 |
| 3. 10355 മുത്തുചിപ്പിക്കുഞ്ഞുങ്ങൾ ഒന്നിന് 1.40 രൂപ നിരക്കിൽ | : | 14,500 |
| 4. ഒരു രൂപ നിരക്കിൽ 9414 ശംഖുമണികൾ (ന്യൂക്ലിയസ്) | : | 9,500 |
| 5. മെന്തോൾ (menthol), കണ്ണാടി, പ്ലാസ്റ്റിക് പാത്രങ്ങൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ | : | 5,000 |
| 6. ശസ്ത്രക്രിയക്കുള്ള കൂലിചിലവ് | : | 3,000 |
| ആകെ രൂപ | : | 55,000 |

ഇവ 2 വർഷത്തേക്ക് ഉപയോഗിക്കാവുന്നതാണ്

## ഉൽപ്പാദനവും വരുമാനവും

| | | |
|---|---|---|
| 1. ആകെ ഉൽപ്പാദിപ്പിച്ച മുത്തുകൾ | : | 1849 എണ്ണം |
| 2. വിറ്റഴിച്ച മുത്തുകൾ | : | 1296 |
| (തൂക്കം 138.28 ഗ്രാം) | | |
| വില | : | 73,133 രൂപ |
| 3. ഫാമിൽ ജോലിചെയ്തിരുന്ന മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്ത മുത്തുകൾ 250 | : | 12,500 രൂപ |
| ആകെ | : | 85,633 രൂപ |

ബാക്കിയുള്ള 303 മുത്തുകൾ ഗുണനിലവാരം കുറഞ്ഞതും അതിനാൽ വിലകുറഞ്ഞവയുമായിരുന്നു.

ലാഭം ഏതാണ്ട് മുടക്കുമുതലിന്റെ 55.7% മായി കണക്കാക്കാം. മത്സ്യകൃഷിരംഗത്ത് മുത്തു വളർത്തൽ മറ്റു കൃഷികളെക്കാൾ ഏറ്റവും കൂടുതൽ ലാഭം നൽകുന്നതായി കാണപ്പെടുന്നു.

### മുത്തുവളർത്തലിൽ പരിശീലനം

ദേശീയതലത്തിലും അന്തർദേശീയതലത്തിലും മുത്തുവളർത്തലിന്റെ സാങ്കേതികവശങ്ങളെക്കുറിച്ച് വിശദമായി പഠിപ്പിക്കുന്ന 4-6 ആഴ്ച ദൈർഘ്യമുള്ള പരിശീലനകോഴ്സുകൾ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിച്ചുവരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നും തീരദേശ സംസ്ഥാനങ്ങളിൽനിന്നും ശുപാർശ ചെയ്യപ്പെട്ട 100-ൽ കൂടുതൽ ആളുകൾക്ക് ഇതുവഴി പരിശീലനം നൽകുകയുണ്ടായി.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ തമിഴ്നാട്ടിലും ഗുജറാത്തിലും ലക്ഷദ്വീപിലും മുത്തുൽപ്പാദനം നടത്തുകയുണ്ടായി.



*മുത്തുകൃഷിയിൽ പരിശീലനം*

സി.എം.എഫ്. ആർ.ഐ.യുടെ വാലിനോക്കത്തുള്ള ഫാമുകളിൽ ജോലിചെയ്യുന്ന മത്സ്യത്തൊഴിലാളികൾ സ്വന്തമായി മുത്തുല്പാദനം നടത്താനുള്ള പരിജ്ഞാനം നേടിയിട്ടുണ്ട്.

സി.എം.എഫ്.ആർ.ഐ.യുടെ തൂത്തുക്കുടിയിലുള്ള ഗവേഷണശാഖ ബൈവാൽവ് ചിപ്പിവർഗ്ഗങ്ങളെ സംബന്ധിക്കുന്ന ഗവേഷണത്തിന്റെയും വികസനപ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമാണ്. കൂടാതെ കേരളത്തിന്റെയും, ആന്ധ്രാപ്രദേശിന്റെയും തീരക്കടലിലും മുത്തുവളർത്തൽ പരീക്ഷിച്ചുവരുന്നു. മന്നാർ ഉൾക്കടലിൽ മുത്തുചിപ്പികൾ അതിവേഗം വളരുന്നതായി തെളിഞ്ഞിട്ടുണ്ട്. കേരളത്തിൽ കോഴിക്കോട്ടും ചേർത്തലയ്ക്കടുത്തുള്ള അന്ധകാരനാഴിയിലും നവംബർ മുതൽ മെയ്മാസം വരെയുള്ള 6 മാസകാലയളവിൽ ന്യൂക്ലിയസ് നിക്ഷേപിച്ച മുത്തുചിപ്പികളിൽ നിന്നും നല്ല ഗുണനിലവാരമുള്ള മുത്തുകൾ ലഭിക്കുകയുണ്ടായി.

ന്യൂക്ലിയസ് നിക്ഷേപിച്ച മുത്തുചിപ്പികൾ തൂത്തുക്കുടിയിൽ നിന്നും കൊണ്ടുവന്ന് കേരളത്തിന്റെ കടൽതീരങ്ങളിൽ അനുകൂല കാലാവസ്ഥകളിൽ മുത്തുല്പാദനം ലാഭകരമായി നടത്താനുള്ള ഉദ്യമങ്ങൾ നടന്നുവരുന്നു.

കരയിൽ മുത്തുവളർത്തുന്നതിനും ബയോ ടെക്നോളജി ഉപയോഗിച്ച് മുത്തുല്പാദനം നടത്തുവാനുമുള്ള പ്രവർത്തനമാണ് മറ്റൊരു സംരംഭം. ടിഷ്യുകൾചർ വഴിയുള്ള മുത്തുല്പാദന പഠനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇവ വിജയിക്കുകയാണെങ്കിൽ കടലിന്റെ ആശ്രയം പരിമിതപ്പെടുത്തി ലബോറട്ടറികളിൽ തന്നെ വൻതോതിൽ മുത്തുല്പാദനം ഉറപ്പുവരുത്താവുന്നതാണ്.


Prepared by T.S. Velayudhan, Scientist (SG)
Published by M. Devaraj, Director,
Central Marine Fisheries Research Institute, Cochin - 682 014.
Edited by Krishna Srinath, Senior Scientist and R. Reghu, Technical Officer.
Printed at : Pagemakers Offset Press Pvt. Ltd. Ph: 0484-313910, 310487.
October 1998




# മുത്തുകൃഷി

ICAR

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം
കൊച്ചി - 682 014

വിജ്ഞാനവ്യാപന പരമ്പര - 5

